LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി മോഷണ കേസ്സുകൾ

6 [3350] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണം തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വർഷത്തിൽ ശരാശരി എത്ര രൂപയുടെ വൈദ്യുതി മോഷണം നടക്കുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി മോഷണത്തിന് ബോർഡിലെ ജീവനക്കാർ കൂട്ടുനിൽക്കുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വൈദ്യുതി മോഷണം സംബന്ധിച്ച എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈദ്യുതി മോഷണം തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ സംബന്ധിച്ച് വിശദ വിവരം അനുബന്ധം ഒന്നിൽ കൊടുത്തിരിക്കുന്നു.†

(ബി) 4/2003 മുതൽ 2/2005 വരെയുള്ള കണക്കനുസരിച്ച് ഒരു വർഷം ശരാശരി 18 (പതിനെട്ട്) കോടി രൂപയുടെ വൈദ്യുതി മോഷണം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഏതാനും സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. †

(ഡി) 317.

വൈദ്യുത കണക്ഷൻ ഇളവുകൾ നിർത്തലാക്കൽ

7 [3351] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ നൽകുന്നതിന് എന്തെല്ലാം ഇളവുകളും സൗജന്യങ്ങളുമാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ ഏതെങ്കിലും സൗജന്യം നിർത്തലാക്കുവാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഇല്ല.

കെ.എസ്.ഇ.ബി.-യിലെ സിവിൽ വിഭാഗം ജീവനക്കാർ

8 [3352] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ സിവിൽ വിഭാഗത്തിൽ ഏതെല്ലാം തസ്തികയിൽ എത്ര ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് ശമ്പളം അലവൻസുകൾ ഉൾപ്പെടെ പ്രതിവർഷം എത്ര തുക ചെലവുണ്ടാകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) കെ.എസ്.ഇ.ബി.-യിൽ ഇപ്പോൾ എത്ര സിവിൽ വർക്കുകൾ നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇവ ഏതെല്ലാമാണ്;

(ഡി) ഇതിന് എത്ര സിവിൽ വിഭാഗം ജീവനക്കാരുടെ സേവനം ഉപയോഗിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.-യിൽ സിവിൽ വിഭാഗത്തിൽ ജോലി ചെയ്യുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു:

ചീഫ് എഞ്ചിനീയർ	..	2
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ	..	11
സ്പെഷ്യൽ ഓഫീസർ (എൻവയോൺമെന്റ്)	..	1
എക്സിക്യൂട്ടീവ് എഞ്ചിനീയർ	..	46
അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)	..	174
അസി. എഞ്ചിനീയർ (സിവിൽ)	..	262
സബ്ബ് എഞ്ചിനീയർ (സിവിൽ)	..	169
സബ്ബ് എഞ്ചിനീയർ (സിവിൽ) (ഷിഫ്റ്റ് അസിസ്റ്റന്റായി പുനർവിന്യസിച്ചവർ)	..	330
ഓവർസീയർ (സിവിൽ) (ഷിഫ്റ്റ് അസിസ്റ്റന്റ്/മീറ്റർ റീഡർ ആയി പുനർ വിന്യസിച്ചവർ)	..	77
ആകെ	..	1072

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III—(തുടർച്ച)

V. Festivals (sanctioned)

Sl. No.	*Name of project*	*Total cost (₹ in Lakhs)*	*Central Assistance (₹ in Lakhs)*
1	India International Boat Show	15.00	15.00
2	Malabar Mahotsav	5.00	5.00
3	Elephant Festivals	5.00	5.00
	Total	25.00	25.00

VI. Large Revenue Generating Projects (to be sanctioned)

Sl. No.	*Name of project*	*Total cost (₹ in Lakhs)*	*Central Assistance (₹ in Lakhs)*
1	Golf Course at Nedumbasserry	6300.00	1000.00
2	Convention Cerntre Nedumbaserry	6000.00	1000.00
3	Edutainment Complex at Kochi	4000.00	1000.00
	Total	16300.00	3000.00

അനുബന്ധം IV

[22-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7 (3351)-ന്റെ ഉത്തരം ദയവായി കാണുക.]

1. വൈദ്യുതി കണക്ഷൻ നൽകുമ്പോൾ ഉപഭോക്താവ് അടയ്ക്കേണ്ട സർവ്വീസ് കണക്ഷൻ ചാർജ്ജിൽ നിന്നും താഴെ പറയുന്ന വിഭാഗം ഉപഭോക്താക്കളെ ഒഴിവാക്കിയിരിക്കുന്നു.

1. പ്രതിമാസ ഉപഭോഗം 30 യൂണിറ്റിൽ താഴെ വരുന്നവർ.

2. താൽക്കാലിക വൈദ്യുതീകരണം, ഉത്സവങ്ങൾ, പൊതുകൾ മുതലായവ.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

3. എസ്.എസ്.ഐ./ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്, ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇവയിൽ രജിസ്ട്രേഷനുള്ളതും 50 KVA-യിൽ താഴെ ലോഡുള്ളതും 500 മീറ്ററിൽ താഴെ മാത്രം എൽ.ടി. ലൈൻ ആവശ്യമുള്ളതുമായ ചെറുകിട എൽ.ടി. ഇൻഡസ്ട്രികൾ.

4. അഗ്രികൾച്ചർ (എൽ.ടി., എച്ച്. ടി. വിഭാഗങ്ങൾ)

5. 1000 വാട്ടിൽ കുറഞ്ഞ കണക്ടഡ് ലോഡുള്ള LT VII B-യിൽപ്പെട്ട കടകൾ, ബങ്കുകൾ

6. ഗവൺമെന്റ് അംഗീകൃത ഓർഫനേജുകൾ മുതലായവ.

II. വൈദ്യുതി കണക്ഷൻ മുൻഗണന ലഭിക്കാനായി അടയ്ക്കുന്ന ഒ.വൈ. ഇ.സി. തുകയിൽനിന്നും താഴെ പറയുന്ന വിഭാഗക്കാരെ ഒഴിവാക്കിയിരിക്കുന്നു.

1. അഗ്രികൾച്ചർ (എൽ.ടി., എച്ച്. ടി. വിഭാഗങ്ങൾ)

2. എസ്.എസ്.ഐ./ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്/ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇവയിൽ രജിസ്ട്രേഷനുള്ള എൽ.ടി. ഇൻഡസ്ട്രികൾ.

3. സ്വയംതൊഴിൽ പദ്ധതിയനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകർക്ക് ഒ.വൈ.ഇ.സി. തുകയിൽ 10,000 രൂപവരെ ഇളവു നൽകുന്നു.

500 വാട്ടിൽ താഴെ കണക്റ്റഡ് ലോഡുള്ളതും പ്രതിമാസ ഉപഭോഗം 20 യൂണിറ്റിൽ താഴെ മാത്രം വരുന്നതുമായ ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

III. കാർഷിക കണക്ഷൻ എടുക്കുന്ന വർക്ക് എസ്റ്റിമേറ്റുതുക 20,000 രൂപയിൽ കവിയുന്നില്ലെങ്കിൽ പ്രസ്തുത കർഷകരെ മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റുതുക 20,000 രൂപയിൽ കവിയുന്നെങ്കിൽ ഇപ്രകാരം അധികം വരുന്ന തുകയ്ക്കു കർഷകർ മിനിമം ഗാരന്റി എഗ്രിമെന്റ് വെച്ചാൽ മതിയാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly